**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 385** | **29-01-2024 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ വാഹനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അബ്കാരി മയക്കമരുന്ന് കേസുകൾ ഉൾപ്പെടെ കണ്ടെത്തുന്നതിനും,വിമുക്തി ഉൾപ്പെടെയുള്ള സർക്കാർ പദ്ധതികളും മറ്റും ഫലപ്രദമായി നടപ്പിലാക്കുന്നതിനും,ദൈനംദിന ആവശ്യങ്ങൾക്കും എക്സൈസ് റെയിഞ്ച് ഓഫീസുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പലതും പഴകിയതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തനത് സാമ്പത്തിക വർഷം 33 വാഹനങ്ങളാണ് 15 വർഷക്കാലാവധി പൂർത്തിയാക്കിയിട്ടുള്ളത്. ആയവ മാറ്റി പുതിയവ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | എക്സൈസ് റെയിഞ്ച് ഓഫീസുകളിൽ ഉപയോഗിക്കുന്ന പഴയ വാഹനങ്ങൾ മാറ്റി പുതിയവ നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | നടപടി സ്വീകരിച്ചു വരികയാണ്. ഈ സർക്കാരിന്റെ കാലത്ത് മുൻ സാമ്പത്തിക വർഷങ്ങളിൽ 3 കോടി രൂപ ചെലവഴിച്ച് 33 മഹീന്ദ്ര ബൊലേറോ നിയോ വാഹനങ്ങൾ വാങ്ങി വകുപ്പിലെ കാലപ്പഴക്കം ഉള്ള വാഹനങ്ങൾക്ക് പകരമായി വിവിധ ഫീൽഡ് ഓഫീസുകൾക്ക് നൽകിയിട്ടുള്ളതാണ്. തനത് സാമ്പത്തിക വർഷം 15 വർഷക്കാലാവധി പൂർത്തീകരിച്ച എക്സൈസ് വകുപ്പിലെ 33 വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിന് 2,99,99,892/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ 33 പുതിയ മഹീന്ദ്ര ബൊലേറോ വാഹനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. |
| (സി) | 2025 ജനുവരിയിൽ 15 വർഷം കാലാവധി പൂർത്തിയാവുന്ന കൂത്തുപറമ്പ് എക്സൈസ് റെയിഞ്ചിലെ പഴകിയ വാഹനം മാറ്റി പുതിയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | വകുപ്പിലേയ്ക്ക് വാങ്ങുന്ന പുതിയ വാഹനങ്ങളിൽ നിന്നും മുൻഗണനാടിസ്ഥാനത്തിൽ, 2025 ജനുവരിയിൽ 15 വർഷം കാലാവധി പൂർത്തിയാവുന്ന കൂത്തുപറമ്പ് എക്സൈസ് റെയിഞ്ച് ഓഫീസിലെ വാഹനത്തിനു പകരം പുതിയ വാഹനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ